പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2716 — 14.12. 2015-ൽ മറുപടിക്ക്.

കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.വി.ശശി<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിച്ചേർന്ന അന്യ സംസ്ഥാന തൊഴിലാളികൾ എത്രയെന്നും അവരുടെ എത്ര തൊഴിൽ ക്യാമ്പുകൾ സംസ്ഥാനത്തുണ്ടെന്നും വ്യക്തമാക്കുമോ; | (എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 627 ലേബർ ക്യാമ്പുകൾ നിലവിലുണ്ട്. |
| (ബി) ഇവരുടെ സ്ഥിതി വിവര കണക്കുകൾ തൊഴിൽ വകുപ്പിന്റെയോ, പോലീസ് വകുപ്പിന്റെയോ കൈവശമുണ്ടോ; | (ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പദ്ധതിയിൻ കീഴിൽ 51609 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇവരുടെ സാന്നിധ്യം ആഭ്യന്തര സുരക്ഷിതത്വ രംഗത്തും ആരോഗ്യ രംഗത്തും ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ? | (സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ നിയമപ്രകാരവും 1979-ലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഇൻസ്പെക്ടർമാരായി നിശ്ചയിച്ചിട്ടുണ്ട്. ഇവർ ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, ആരോഗ്യം മുതലായവ ഉറപ്പുവരുത്തുന്നതി |

ലേയ്ക്കായി സ്ക്വാഡ് പരിശോധനകൾ നടത്തി വരുന്നു. ഇത്തരത്തിൽ പരിശോധനയ്ക്കിടയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, സ്റ്റോപ്പ് മെമ്മോ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമപ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ ക്ഷേമപദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ